ഉത്തരം

(എ) ഉണ്ട്.

(ബി) വിജ്ഞാപനത്തിൽ പറയുന്ന ആവശ്യത്തിന് പ്രസ്തുത സ്ഥലം ഉപയോഗിക്കുന്നില്ലെങ്കിൽ ആ സ്ഥലം മറ്റ് ഏതെങ്കിലും പൊതു ആവശ്യത്തിന് ഉപയോഗിക്കുകയോ അല്ലെങ്കിൽ കമ്പോളവില ഈടാക്കിക്കൊണ്ട് പതിച്ചുനൽകുകയോ, പാട്ടത്തിന് നൽകുകയോ ചെയ്യണമെന്നാണ് വ്യവസ്ഥ

(സി) 4-5-94-ലെ ജി.ഒ(എം.എസ്) നമ്പർ.222/94/ആർ.ഡി. നമ്പർ ഉത്തരവിന്റെ ഖണ്ഡിക 3 (viii) ഇക്കാര്യം വിശദമാക്കുന്നുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

142 (2230) ലീസ് തുകയിലുണ്ടായ വർദ്ധനവ്

ശ്രീ. എം.വി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റവന്യൂ വകുപ്പു മുഖേന ഈടാക്കിയിരുന്ന ലീസ് തുകയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ മുമ്പ് ഉണ്ടായിരുന്ന തുകയുടെ എത്ര ശതമാനം വർദ്ധനവ് വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ലീസ് തുകയിൽ വരുത്തിയ വൻതോതിലുള്ള വർദ്ധനവ് കുറക്കുന്നതിനായി സർക്കാരിൽ അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എത്ര പേർക്ക് കുറച്ച് നൽകിയിട്ടുണ്ട്;

(ഇ) ലീസ് തുകയിൽ പലമടങ്ങ് വർദ്ധനവ് വരുത്തിയത് കുറച്ച് നൽകണമെന്നാവശ്യപ്പെട്ട് ശ്രീ. പി.വി. സന്തോഷ്, പുതിയപറമ്പ്, വളപ്പട്ടണം, കണ്ണൂർ എന്നയാളുടെ ഹർജി ലഭിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലീസ് തുകയിൽ വർദ്ധനവ് വരുത്തിയിട്ടില്ല.

(ബി) ബാധകമല്ല.

(സി) 1995-ൽ ലീസ് തുകയിൽ വരുത്തിയ വർദ്ധനവ് കുറയ്ക്കുന്നതിനായി അപേക്ഷ ലഭിച്ചിട്ടുണ്ട്.

(ഡി) കരുനാഗപ്പള്ളി താലൂക്കിൽ ഓച്ചിറ ക്ഷേത്ര ഭരണസമിതിക്കും, കണ്ണൂർ ജില്ലയിലെ ഇന്ത്യൻ കോഫി വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കും പാട്ടത്തിന് നൽകിയ ഭൂമിയുടെ പാട്ട നിരക്ക് പകുതിയായി കുറച്ച് നൽകിയിട്ടുണ്ട്. മറ്റുള്ള അപേക്ഷയിൽ നടപടി എടുത്തുവരുന്നു.

(ഇ) ഇല്ല.

(എഫ്) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly